## പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 520 | 29.6.2011-ൽ മറുപടിക്ക് |
|---|---|

### പേരൂർക്കട മാനസികാരോഗ്യ കേന്ദ്രത്തിലെ സുരക്ഷാ സംവിധാനം പരിഷ്ക്കരിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.കെ. ജയചന്ദ്രൻ | അഡ്വ. അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| എ) പേരൂർക്കട മാനസികാരോഗ്യാശുപത്രിയിൽ നിന്നും രോഗികളെ കാണാതാകുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| ബി) രോഗികളെ കാണാതാകുന്നത് സംബന്ധിച്ച് രോഗികളുടെ ബന്ധുക്കളിൽനിന്ന് പരാതികൾ ലഭിച്ചിട്ടുണ്ടോ; | ബി) ഉണ്ട് |
| സി) എങ്കിൽ എത്ര പരാതികളാണ് ഈ വർഷം ലഭിച്ചിട്ടുള്ളത്; | സി) ഒന്ന് |
| ഡി) കാണാതായവരിൽ എത്ര പേരെ ഇതുവരെ കണ്ടെത്തിയിട്ടുണ്ട്; | ഡി) 27 പേരെ കണ്ടെത്തിയിട്ടുണ്ട് |
| ഇ) രോഗികളെ കാണാതാകുന്നത് തടയുന്നതിന് എന്തെല്ലാം സുരക്ഷാ സംവിധാനങ്ങളാണ് ഇവിടെ നടപ്പിലാക്കിയിട്ടുള്ളത്; | ഇ) 24 മണിക്കൂറും പ്രവർത്തിക്കുന്ന സെക്യൂരിറ്റി സംവിധാനവും, പോലീസ് എയ്ഡ് പോസ്റ്റും ഉണ്ട്. രോഗിയെ കാണാതായാൽ ഉടൻ തന്നെ പേരൂർക്കട പോലീസ് സ്റ്റേഷനിൽ രേഖാമൂലം അറിയിക്കാറുണ്ട്. എല്ലാ മാസവും കാണാതാകുന്ന രോഗികളുടെ വിവരം ബഹു: കേരളാ ഹൈക്കോടതിയെ അറിയിക്കാറുണ്ട്. |

| | |
|---|---|
| എഫ്) സുരക്ഷാ സംവിധാനത്തിന്റെ പിഴവുകൾ പരിഹരിക്കുന്നതിന് എന്തെല്ലാം പരിഷ്ക്കാരങ്ങളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | എഫ്) 20.6.2011-ന് തിരുവനന്തപുരം ജില്ലാ ജഡ്ജിന്റെ അദ്ധ്യക്ഷതയിൽ കൂടിയ മോണിറ്ററിംഗ് കമ്മിറ്റി മീറ്റിംഗിൽ സുരക്ഷാ സംവിധാനത്തിന്റെ പിഴവുകൾ പരിഹരിക്കുന്നതിന് ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ ഉടനെ നടപ്പിലാക്കുന്നതിന് തീരുമാനി ച്ചിട്ടുണ്ട്.<br><br>1) പോലീസിന്റെ എണ്ണം അടിയന്തിരമായി കൂട്ടുന്നതിന് തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറോട് ആവശ്യപ്പെട്ടിട്ടുണ്ട്.<br><br>2) ഈ സ്ഥാപനത്തിലെ സെക്യൂരിറ്റി സംവിധാനം മെച്ചപ്പെടുത്തുന്നതിന് സെക്യൂരിറ്റി സ്റ്റാഫിന്റെ എണ്ണം കൂട്ടുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്.<br><br>3) ഈ സ്ഥാപനത്തിന്റെ ചുറ്റുമതിൽ അടിയന്തിരമായി കെട്ടുന്നതിന് പി.ഡബ്ല്യൂ.ഡി യോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ